പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.342

28.06.2011ൽ
മറുപടിയ്ക്ക്

## അനധികൃത അനാഥാലയങ്ങൾക്കെതിരെ നടപടി

ചോദ്യം

ശ്രീ.ജെയിംസ് മാത്യു:

ഉത്തരം

ശ്രീ.എം.കെ.മുനീർ,
(പഞ്ചായത്തും സാമൂഹ്യക്ഷേമവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എത്ര അനാഥാലയങ്ങൾ സർക്കാരിൻെറ കീഴിലും അംഗീകാരത്തോടെയും പ്രവർത്തിക്കുന്നുണ്ട്; | (എ) | 1789 അനാഥാലയങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിൻെറ അംഗീകാരത്തോടെ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | അനധികൃത അനാഥാലയങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനും കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളെ അംഗീകാരമുള്ള മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കാറുണ്ട്. അനധികൃതമായി നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ഓർഫനേജ് ആക്ട്, 1960 സെക്ഷൻ 25 പ്രകാരം ജില്ലാ കളക്ടർക്കാണ്. |
| (സി) | ഇതിലേക്കായി ലക്ഷ്യമിടുന്ന സംവിധാനങ്ങളെന്തെല്ലാമെന്ന് വെളിപ്പെടുത്താമോ; | (സി) | സംസ്ഥാനത്ത് അനാഥാലയങ്ങൾക്കും മറ്റ് ധർമ്മ സ്ഥാപനങ്ങൾക്കും അംഗീകാരം നൽകുന്നതും നിയന്ത്രിക്കുന്നതും |

| | | | |
|---|---|---|---|
| | | | ഓർഫനേജ് കൺട്രോൾ ബോർഡാണ്. അനാഥാലയങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും ജില്ലാതല മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ചെയർമാനും ജില്ലാ പ്രൊബേഷൻ ഓഫീസർ കൺവീനറുമായ ജില്ലാതല മോണിറ്ററിംഗ് സെല്ലിൽ 11 അംഗങ്ങളുണ്ട്. ജില്ലാ കളക്ടറുടെ പ്രതിനിധി, ജില്ലാ പോലീസ് സൂപ്രണ്ട്, ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ, ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, KSEB, ജില്ലാ മെഡിക്കൽ ഓഫീസർ, രണ്ട് സാമൂഹ്യ പ്രവർത്തകർ എന്നിവരാണ് മറ്റംഗങ്ങൾ. |
| (ഡി) | ഈ സംവിധാനത്തിൽ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; ഇല്ലെങ്കിൽ ജനപ്രതിനിധികളെകൂടി ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ജനപ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |

R. Vijayah

**സെക്ഷൻ ഓഫീസർ**